<u>ഭരണഭാഷ മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കൻഡറി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - highersecondarytextbooks@gmail.com
ഫോൺ:0471 2580738

എച്ച് എസ് ഇ/19761/2024-എ സി ഡി എസ് പി എൽ1 തീയതി:30-01-2025

## <u>സർക്കുലർ</u>

വിഷയം: പൊ വി വ- ഹ സെ വി-2025-26 അധ്യയന വർഷത്തേക്കുള്ള ഹയർസെക്കണ്ടറി പാഠപുസ്തക ഇൻഡന്റ് സംബന്ധിച്ച്

2025-26 അധ്യയന വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ (ഇംഗ്ലീഷ് മീഡിയം) ഓൺലൈൻ ഇൻഡന്റിംഗ് 01/02/2025 മുതൽ 07/02/2025 നു വൈകീട്ട് മൂന്ന് മണി വരെ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും (അൺഎയ്ഡഡ് ഉൾപ്പെടെ) ചെയ്യാവുന്നതാണ്. താഴെ പറയുന്ന സൈറ്റിലാണ് ഇൻഡന്റ് രേഖപ്പെടുത്തേണ്ടത്. രജിസ്റ്റർ ചെയ്യുന്നതിന് താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കുക.

**http://hse.kite.kerala.gov.in**

യൂസർ ഗൈഡിൽ പറഞ്ഞിരിക്കുന്ന നിർദേശങ്ങൾ വ്യക്തമായി മനസ്സിലാക്കിയ ശേഷം മാത്രം ഇൻറന്റിംഗ് ആരംഭിക്കുക.

<u>പ്രത്യേകം ശ്രദ്ധിക്കേണ്ടത്</u>

1) ആദ്യം പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ നൽകി വിവരങ്ങൾ സേവ് ചെയ്യുക. (യാതൊരു കാരണവശാലും പ്ലസ് ടു പാഠപുസ്തകങ്ങൾ കൂടി ആവശ്യമുള്ളവർ ആയതിന്റെ വിശദാംശങ്ങൾ കൂടി നൽകി Save ചെയ്യാതെ Confirm ചെയ്യാൻ പാടില്ല)

2)തുടർന്ന് പ്ലസ്ടു പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ നൽകി വിവരങ്ങൾ Save ചെയ്യുക.

3) കൊടുത്ത വിവരങ്ങൾ കൃത്യമായി **Save** ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം **Confirm** ചെയ്യുക.

4) നിലവിലുള്ള സ്റ്റോക്ക് പരിശോധിച്ചശേഷം മാത്രം 2025-26 അധ്യയന വർ ഷത്തേക്കുള്ള ഇൻറൻറ് രേഖപ്പെടുത്തുക. താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

5) എസ് സി ഇ ആർ ടി തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾക്ക് 2025-26 വർഷത്തേക്ക് സർക്കാർ അംഗീകരിച്ചിരിക്കുന്ന വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ **N C E R T** യുടെ പാഠപുസ്തകങ്ങൾ അതേപടിയിൽ സ്വീകരിച്ചിരിക്കുന്നവയിൽ കഴിഞ്ഞ വർഷത്തെ വിലയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ഈ വർഷം വില വ്യത്യാസം ഉള്ളതായി **N C E R T** അറിയിച്ചാൽ പുസ്തകം വാങ്ങുമ്പോൾ അതിനനുസരിച്ചുള്ള തുക നൽകേണ്ടി വരുന്നതാണ്.

6)ഓർഡർ ചെയ്യുന്ന പുസ്തകങ്ങൾ സിആപ്റ്റിൽ നിന്ന് കൈപ്പറ്റുന്നതിനും അതിനനുസരിച്ച് തുക സി-ആപ്റ്റിന് നൽകുന്നതിനും പ്രിൻസിപ്പൽമാർക്ക് ഉത്തരവാദിത്തമുണ്ടായിരിക്കും.

7)2024-25 വരെയുള്ള കുടിശ്ശിക അടിയന്തിരമായി സി ആപ്റ്റിന് അടച്ച് തീർക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്രയും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടത് പ്രിൻസിപ്പാളിന്റെ ചുമതലയാണെന്നതിനാൽ ഇന്റന്റ് കൃത്യസമയത്ത് പൂർത്തിയാക്കണമെന്ന് അറിയിക്കുന്നു.

Signed by
Shajitha S
Date: 30-01-2025 11:02:08

ജോയിന്റ് ഡയറക്ടർ
(അക്കാദമിക്)